# കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

നമ്പർ: പി.ആർ(1)5/2018 തിരുവനന്തപുരം
09.01.2018

## അറിയിപ്പ്

## ഇന്റർവ്യൂ

666/2014, 667/2014 എന്നീ കാറ്റഗറി നമ്പരുകൾ പ്രകാരം പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ ജനറൽ മാനേജർ തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കും, കാറ്റഗറി നമ്പർ 226/2015 പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ (പോളിടെക്നിക്കുകൾ) ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിങ് (പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക തെരഞ്ഞെടുപ്പ്) തസ്തികയ്ക്കും 2018 ജനുവരി 11 നും, കാറ്റഗറി നമ്പർ 544/2015 പ്രകാരം സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ സീനിയർ സൂപ്രണ്ട് / അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക തെരഞ്ഞെടുപ്പ്) തസ്തികയ്ക്ക് 2018 ജനുവരി 12 നും, കാറ്റഗറി നമ്പർ 659/2013 പ്രകാരം തിരുവനന്തപുരം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (നാച്ചുറൽ സയൻസ്) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 2018 ജനുവരി 16 മുതൽ ഫെബ്രുവരി 2 വരെയും, കാറ്റഗറി നമ്പർ 390/2013 പ്രകാരം കിർത്താഡ്സിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയ്ക്ക് 2018 ജനുവരി 16, 17 തീയതികളിലും തിരുവനന്തപുരം പി.എസ്.സി. ആസ്ഥാന ഓഫീസിൽ വച്ച് ഇന്റർവ്യൂ നടക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഒ.ടി.ആർ. പ്രൊഫൈൽ സന്ദർശിക്കുക.

## ഓൺലൈൻ പരീക്ഷ

കാറ്റഗറി നമ്പർ 265/2014 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ (മെഡിക്കൽ കോളേജുകൾ-ന്യൂറോളജി) ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലേക്ക് 2018 ജനുവരി 23 ന് രാവിലെ 10 മണി മുതൽ 12.15 വരെ തിരുവനന്തപുരം പരീക്ഷാകേന്ദ്രത്തിൽ വച്ച് നടത്തുന്ന ഓൺലൈൻ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റുകൾ ഉദ്യോഗാർത്ഥികൾക്ക് ഒ.ടി.ആർ. പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ഒ.എം.ആർ. പരീക്ഷ

കാറ്റഗറി നമ്പർ 105/2017 പ്രകാരം ഭക്ഷ്യസുരക്ഷാ വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയ്ക്ക് 2018 ജനുവരി 11 ന് രാവിലെ 7.30 മുതൽ 9.15 വരെയും, കാറ്റഗറി നമ്പർ 71/2017 പ്രകാരം വിവിധ വകുപ്പുകളിൽ ലാസ്റ്റ്ഗ്രേഡ് സെർവന്റ്സ് (തിരുവനന്തപുരം ജില്ല) തസ്തികയ്ക്ക് 2018 ജനുവരി 13 ന് ഉച്ചയ്ക്ക് 1.30 മുതൽ 3.15 വരെയും കാറ്റഗറി നമ്പർ 89/2017 പ്രകാരം വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ ഡൊമസ്റ്റിക് നഴ്സിങ് തസ്തികയ്ക്ക് 2018 ജനുവരി 24 ന് രാവിലെ 7.30 മുതൽ 9.15 വരെയും നടക്കുന്ന ഒ.എം.ആർ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾക്ക് ഒ.ടി.ആർ. പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ഒറ്റത്തവണ വെരിഫിക്കേഷൻ

കാറ്റഗറി നമ്പർ 18/2016 പ്രകാരം പോലീസ് (ഇൻഡ്യാ റിസർവ് ബറ്റാലിയൻ - റഗുലർ വിങ്) വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ സാധ്യതാപട്ടികയിൽ ഉൾപ്പെട്ട കോഴിക്കോട് മേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് 2018 ജനുവരി 8 മുതൽ 12 വരെ പി.എസ്.സി. കോഴിക്കോട് മേഖലാ ഓഫീസിലും, കാറ്റഗറി നമ്പർ 410/2013 പ്രകാരം

വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകൾ എന്നിവയിലെ സെക്യൂരിറ്റി ഗാർഡ് ഗ്രേഡ്-2, വാച്ചർ ഗ്രേഡ്-2 എന്നീ തസ്തികകളുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 2018 ജനുവരി 8 മുതൽ 12 വരെ പി.എസ്.സി. കൊല്ലം മേഖലാ ഓഫീസിലും, കാറ്റഗറി നമ്പർ 424/2017 പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ അറബിക് (എൻ.സി.എ. - എസ്.ടി) തസ്തികയ്ക്ക് 2018 ജനുവരി 16 ന് തിരുവനന്തപുരം പി.എസ്.സി. ആസ്ഥാന ഓഫീസിലും വച്ച് ഒറ്റത്തവണ വെരിഫിക്കേഷൻ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഒ.ടി.ആർ. പ്രൊഫൈൽ സന്ദർശിക്കുക.



**ബി.ജയകുമാർ**
പബ്ലിക് റിലേഷൻസ് ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ